# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

## 'സന്നാഹം'

### എം. എസ്. എൻ. എസ്. എസ്. ഹയർസെക്കണ്ടറി സ്കൂൾ, ചക്കാലകുത്ത്

**സ്കൂൾ വിവരങ്ങൾ :-**

1. റവന്യൂ ജില്ല :- മലപ്പുറം
2. സ്കൂൾ കോഡ് :- 48034
3. സ്കൂളിന്റെ പേര് :- എം എസ് എൻ എസ് എസ് എച്ച് എസ്, ചക്കാലകുത്ത്.
4. മേൽവിലാസം :- ചക്കാലകുത്ത്, നിലമ്പൂർ (പി.ഒ)
5. പിൻ കോഡ് :- 679329
6. ഫോൺ നമ്പർ :- 04931 222224
7. ഇമെയിൽ അഡ്രസ്സ് :- msnsshs48034@gmail.com
8. നഗരസഭ / പഞ്ചായത്ത് :- നിലമ്പൂർ
9. വിദ്യാഭ്യാസ ജില്ല :- വണ്ടൂർ
10. സബ് ജില്ല :- നിലമ്പൂർ
11. ക്ലാസുകൾ :- 8 മുതൽ 12 വരെ
12. മാനേജ്മെന്റ് :- എയ്ഡഡ്
13. ഹൈസ്കൂൾ വിഭാഗം ആകെ വിദ്യാർത്ഥികൾ :- 400
14. അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ :- 27
15. ആകെ ക്ലാസുകൾ :- 11 ഡിവിഷനുകൾ (8,9,10 ക്ലാസുകളിലായി)

**ആമുഖം :-**

മലപ്പുറം ജില്ലയിൽ നിലമ്പൂർ നഗരസഭയിലുൾപ്പെടുന്ന ചക്കാലകുത്ത് പ്രദേശത്താണ് എം എസ് എൻ എസ് എസ് എച്ച് എസ് സ്ഥിതി ചെയ്യുന്നത്. പാഠ്യ പാ ഠ്യതര രംഗത്ത് മികച്ച നിലവാരം നിലനിർത്തികൊണ്ട് 1982 മുതൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണിത്. ഓരോ വർഷവും എസ് എസ് എൽ സി പരീക്ഷയിൽ കൂടുതൽ A+ നേട്ടം കൈവരിച്ച് മുന്നേറുകയാണ് ഈ സ്കൂൾ.

സമഗ്ര ഗുണമേൻമാ വിദ്യഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും, കലാരംഗത്തും, കായികരംഗത്തും ഒരു പോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യഭ്യാസം (INCLUSIVE EDUCATION) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസലിംങ് നൽകി പഠനസാഹചര്യമൊരുക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.



Scanned with OKEN Scanner

അക്കാദമികരംഗത്തെ മികവിനു കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് പ്രവർത്തനങ്ങൾ, പി.ടി.എ-യുടെ ഇടപെടൽ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, നഗരസഭ തുടങ്ങിയവയുടെ സഹകരണം ഉറപ്പുവരുത്തുവാൻ കഴിയുന്നു. ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും നടപ്പാക്കി കുട്ടികൾക്ക് ആവശ്യമായത് നൽകാനും അവരെ നാളെയുടെ വാഗ്ദാനങ്ങളായി വളർത്തിയെടുക്കാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

## ഹൈസ്കൂൾ വിഭാഗം:-

കുട്ടികളുടെ നിലവാരമനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി, അവരിൽ ആത്മവിശ്വാസം വർധിപ്പിച്ച് വിജയത്തിളക്കത്തിലേക്കു നയിക്കുന്നു. എസ്. പി. സി, സ്കൗട് ആൻഡ് ഗൈഡ്സ്, ജെ ആർ സി തുടങ്ങിയവയിലൂടെ പഠനത്തോടൊപ്പം കുട്ടികളിലെ സേവനമനോഭാവം വർധിപ്പിക്കാൻ കഴിയുന്നു. ലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികളിൽ വിവരസാങ്കേതികവിദ്യയുടെ മികച്ച പരിശീലനം നൽകി ആ മേഖലയിൽ ഉയർന്ന നിലവാരം നേടാനും കഴിയുന്നു.

## സാമൂഹികം :-

സ്കൂളിലെ, എസ്. പി. സി, സ്കൗട് ആൻഡ് ഗൈഡ്സ്, ജെ ആർ സി എന്നീ സന്നദ്ധസംഘടനങ്ങളുടെ പ്രവർത്തനം സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച്പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുന്നു.

## പരിമിതികൾ:-

ഗുണമേന്മയുള്ള വിദ്യഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നുവെങ്കിലും, ഗണിതലാബ്, സാമൂഹ്യശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് ഒരുക്കാനായിട്ടില്ല. IT ലാബിലും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിഗ് റൂം സൗകര്യം മറ്റൊരു വിശാലമായ മുറിയിലേക്ക് മാറ്റേണ്ടതുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുവാനുള്ള ഭോജനശാല നിലവിൽ സ്കൂളിലില്ല. ആകർഷകമായ വിധത്തിലുള്ള പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലമുണ്ടെകിലും ഒരു സ്പോർസ് പവലിയൻ, ഇൻഡോർ സ്റ്റേഡിയം എന്നിവ ഒരു സ്വപ്നമായി നിലനിൽക്കുന്നു.



Scanned with OKEN Scanner

**<u>സമഗ്ര ഗുണമേന്മ വിദ്യഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ :-</u>**

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലിഷ് പഠനം അനായാസമാക്കാൻ
4. വായനശേഷി വർദ്ധിപ്പിക്കാൻ
5. ശാസ്ത്രപോഷണ പരിപാടി
6. പ്രതിഭാ പോഷണ പരിപാടി
7. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
8. പഠനയാത്ര
9. അധ്യാപക ശാക്തീകരണം – സ്കൂൾ - SRG തലം
10. പ്രവർത്തി പരിചയ പരിശീലനം
11. കലാപരിപോഷണം
12. കായികശേഷി വികസനം
13. പച്ചക്കറിത്തോട്ടം
14. ദിനാചരണങ്ങൾ
15. സാഹിത്യ ശിൽപ്പശാലകൾ
16. IT പഠനം കാര്യക്ഷമമാക്കൽ
17. ശാസ്ത്ര – ഗണിത ശാസ്ത്ര – സാമൂഹ്യ ശാസ്ത്ര – IT പ്രവർത്തി പരിചയ മേളകൾ
18. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സവിശേഷ സാഹചര്യങ്ങളിൽ അധിക പിന്തുണ നൽകൾ. (IT പരിശീലനം ഉൾപ്പെടെ)
19. ഗോത്രം, അതിഥി തൊഴിലാളികൾ എന്നീ വിഭാഗം കുട്ടികൾ സ്കൂളിൽ ഹാജരാക്കാത്ത അവസ്ഥയുണ്ടെങ്കിൽ കാരണം കണ്ടെത്തി ഇടപെടൽ നടത്തുക.
20. പലവിധ കാരണങ്ങളാൽ വിദ്യാർത്ഥികളിൽ ഉണ്ടാകാൻ ഇടയുള്ള മാനസിക സമ്മർദ്ദം, ആകാംക്ഷ എന്നിവയിൽ നിന്നും മോചനം നൽകുന്നതിനായി കൌൺസലിങ് നൽകൾ, കായിക പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കൽ
21. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം
## പ്രവർത്തനം - വിശദാംശങ്ങൾ - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| ● 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരമായ നൈപുണികളും ശേഷികളും ധാരണകളും പരമാവധി കഴിവിനനുസരിച്ച് നേടി എന്ന് ഉറപ്പു വരുത്തുക | വായനക്കുറിപ്പ് ഉപപ്രവർത്തനം<br>ആശയ രൂപീകരണം<br>SRG അംഗീകാരം<br>വായനക്കുറിപ്പ് സമാഹരണം | ജൂൺ - മെയ് | ക്ലാസ്സ് അദ്ധ്യാപകർ | പി ടി എ |
| ● കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക<br>● ദിനാചരണങ്ങൾ<br>● അക്ഷരങ്ങളുടെ ഉച്ചാരണം, ചിഹ്നങ്ങൾ ഇവ ഉറപ്പിക്കൽ<br>● വായനയുടെ സംസ്കാരം വളർത്തൽ | ശില്പശാലകൾ - കഥ, കവിത<br>ആസ്വാദനം തയ്യാറാക്കൽ<br>ഡോക്യുമെന്റേഷൻ | ജൂൺ - ജൂലൈ - ആഗസ്റ്റ് | വിഷയ സമിതി | പി ടി എ |



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| **വായന** കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനാശീലം വളർത്തുക | ലൈബ്രറിയിൽ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായനാ കോർണറിൽ അറബിക് പുസ്തകങ്ങൾ ലഭ്യമാക്കുന്നു. കഥകൾ, കവിതകൾ ചിത്രകലകൾ.. | 6 മാസം (ജൂൺ - നവംബർ) | സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ | BRC, പൂർവ്വവിദ്യാർത്ഥികൾ, പി ടി എ |
| **എഴുത്ത്** എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസ്സിലും അറബിയിൽ കഥ, കവിത, മറ്റുവിഭവങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. കാർഡ് നിർമ്മാണം പുതിയ പദങ്ങൾ കാർഡിൽ എഴുതി പരിശീലിക്കുന്നു. | സെപ്റ്റംബർ - നവംബർ | | അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ |
| **അറിവിന് തിളക്കം** | രണ്ട് കൂടുമ്പോൾ ക്വിസ്സ് മത്സരങ്ങൾ നടത്തുന്നു. വിജയികൾക്ക് സമ്മാനവിതരണം നടത്തുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തുന്നു. | ജൂൺ, ജൂലായ്, ആഗസ്റ്റ്, എല്ലാ മാസവും | ലാപ്ടോപ്പ് | അധ്യാപകർ, സ്പോൺസർഷിപ്പ് |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് വിവിധ തരം മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിന് കുട്ടികളെ തയ്യാറാകുന്നു. | ജൂലായ് ആഗസ്റ്റ് | ]സ്റ്റേജ്, സൗണ്ട് ബോക്സ് | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u> | വിശേഷ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. അറബിക് ദിവസത്തോടനുബന്ധിച്ച് വിവിധ മത്സരയിനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ - ഡിസംബർ | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ആസ്വാദനം</u> | ഐ ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | COMPUTER TV PROJECTOR | അധ്യാപകർ |
| <u>അറബിക് ഫെസ്റ്റ്</u> | അറബി ഭാഷയെ കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ നടത്തുന്നു. | ജനുവരി | | |



Scanned with OKEN Scanner

Sanskrit

അക്കാദമിക് മാസ്റ്റർ പ്ലാൻ , HS 2025- 26 മേഖല- അക്കാദമികം

MSNSSHSS CHAKKALAKUTH

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ, | സാമ്പത്തികം | ക്ലാസിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുരൂപീകരണ തലം<br>സഹപാഠികളുടെ പിന്തുണ<br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി<br>മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം,ഒരു പ്രമുഖ വ്യക്തിയുടെ | | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ. സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥനാ.വന്ദേമാതരാലാപനം. | | | | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാന ദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി,സംസ്കൃത പ്രശ്നോത്തരി, ", സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

Scanned with OKEN Scanner

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |



Scanned with OKEN Scanner

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

<u>പത്താംതരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |



Scanned with OKEN Scanner

BioVision

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

Scanned with OKEN Scanner

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |



Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | തയ്യാറാക്കൽ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ) ഗണിത ആശയങ്ങൾ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേർസ് ഗ്രാന്റ് , പി ടി എ |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ | |
| 4) സംഘബോധം ഉണ്ടാക്കൽ | കുട്ടികളെ വിവിധ സംഘങ്ങളാക്കി തിരിച്ചു ചുമതലകൾ കൊടുക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ, | |
| 5) ചെറിയ ക്ലാസ്സ് മുതലുള്ള അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ചർച്ചകൾ, പാഠാസൂത്രണം, കൂട്ടായ പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 6) ഗണിത മത്സരങ്ങൾ , മേളകൾ തുടങ്ങിയവകളിൽ പങ്കെടുക്കുന്നതിനുള്ള ശേഷി കൈവരിക്കൽ | ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തു ന്നതിലൂടെ | തുടർ പ്രവർത്തനം | അധ്യാപകർ, ഗണിത ക്ലബ്, | |
| 7) ഗണിത ലാബിലേക്കുള്ള രൂപങ്ങൾ നിർമ്മിക്കൽ | ശില്പ ശാലകൾ നടത്തി ഗണിത ലാബിലേക്കുള്ള പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ഗണിത ക്ലബ്, അദ്ധ്യാപകർ , പി ടി എ | പി ടി എ |

Scanned with OKEN Scanner

# ഫിസിക്സ്

| പ്രവർത്തന മേഖല | ഉദ്ദേശങ്ങൾ | പ്രവർത്തനം | സമയക്രമം | ചുമതല | ഗുണഭോക്താക്കൾ | ചെലവ് |
|---|---|---|---|---|---|---|
| ഫിസിക്സ് ലാബ്, ഫിസിക്സ് ക്ലാസ്സ്, സയൻസ് ക്ലബ് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്താൻ ആവശ്യമായ ലാബ് ഉപകരണങ്ങളും സൗകര്യങ്ങളും ലാബിൽ ഒരുക്കുന്നു | ശാസ്ത്രലാബ് ഉപകരണങ്ങൾക്കുള്ള ഫണ്ട്, പഠനോപകരണങ്ങൾ ക്കുള്ള ഫണ്ട് എന്നിവ ഉപയോഗിച്ച് ലാബിലേക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. | ജൂൺ - ജൂലൈ | ഫിസിക്സ് അധ്യാപകൻ | വിദ്യാർത്ഥികളും അധ്യാപകരും | 10,000 |
| | ഇലക്ട്രോണിക്സ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ കുട്ടികൾക്ക് പ്രാവീണ്യം നേടാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. | വിദ്യാലയത്തിൽ ലഭിച്ചിട്ടുള്ള റോബോട്ടിക് കിറ്റുകളും പുതുതായി വാങ്ങുന്ന ഇലക്ട്രോണിക്സ് ഉപകരങ്ങളും, പവർ സപ്ലൈ, മേശകൾ എന്നിവ ലാബിൽ ഒരുക്കുന്നു. | ആഗസ്റ്റ്- ഒക്ടോബർ | ഫിസിക്സ് അധ്യാപകൻ | വിദ്യാർത്ഥികളും അധ്യാപകരും | 20,000 |
| | • എൽ.ഇ.ഡി ബൾബ് നിർമ്മാണവും കേടായത് നന്നാക്കാനുമുള്ള പരിശീലനം.<br>• ഗാർഹിക വൈദ്യുതീകരണ പരിശീലനം.<br>• വൈദ്യുതോപകരണ ങ്ങളുടെ അറ്റകുറ്റ | ഫിസിക്സ് അധ്യാപകന്റെ നേതൃത്വത്തിൽ എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കാനം നന്നാക്കാനുമുള്ള പരിശീലനം നേടുന്നു. പ്രാദേശവാസിയായ ഒരു വിദഗ്ദന്റെ സഹായത്തോടെ വൈദ്യുതോപകരണങ്ങൾ | നവംബർ- ഡിസംബർ | ഫിസിക്സ് അധ്യാപകൻ | വിദ്യാർത്ഥികളും അധ്യാപകരും | 5000 |

Scanned with OKEN Scanner

Physics. 2

| | | | | | | |
|---|---|---|---|---|---|---|
| | ഷണികൾക്കുള്ള പരിശീലനം.<br>• ഹോബി സർക്ക്യൂട്ട് നിർമ്മാണ പരിശീലനം. | നന്നാക്കുന്നതിന്റെ അടിസ്ഥാനകാര്യങ്ങൾ മനസ്സിലാക്കുന്നു. | | | | |
| | വിദ്യാലയത്തിൽ ഒരു ഇന്നൊവേഷൻ ക്ലബ് ഉദ്ഘാടനം.<br>അതിനായി സാങ്കേതിക തികവുള്ള ഒരു മുറി സ ജ്ജമാക്കുന്നു. | ഒരു മഹദ്സാനിധ്യത്തിൽ വിദ്യാലയത്തിൽ ഇന്നൊവേഷൻ ക്ലബ് ഉദ്ഘാടനം ചെയ്യുന്നു. ഇതിന് സാങ്കേതിക സൗകര്യങ്ങളുള്ള ഒരു മുറി സജ്ജമാക്കുന്നു. | ജനുവരി | പ്രധാനാധ്യാപകൻ | വിദ്യാർത്ഥികളും അധ്യാപകരും | 10000 |
| | • ബഹിരാകാശശാസ്ത്ര ത്തിന്റെ വിഷയവിദഗ്ദൻ മാരുടെ സെമിനാർ<br>• ബഹിരാകാശ ശാസ്ത്രവുമായി ബന്ധപ്പെട്ട ശാസ്ത്ര പ്രദർശനം | ബഹിരാകാശശാസ്ത്രവുമായി ബന്ധപ്പെട്ടുള്ള വിഷയ വിദഗ്ദ്മാരെ വിദ്യാലയത്തിലേക്ക് സെമിനാറിനായി ക്ഷണിക്കുന്നു. വിദ്യാർത്ഥികൾ നിർമിച്ച ബഹിരാകാശ ശാസ്ത്രവുമായി ബന്ധപ്പെട്ട മാതൃകകൾ പ്രദർ ശിപ്പിക്കുന്നു. | ഫെബ്രുവ രി | ഫിസിക്സ് അധ്യാപക ൻ | വിദ്യാർത്ഥികളും അധ്യാപകരും | 5000 |

Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| ഠിതാക്കളിൽ ാസ്ത്രാവബോധം ണ്ടാക്കുന്നു | ക്വിസ് , സെമിനാർ, (AVOGADROS DAY) | ഒക്ടോബർ - 23 | സയൻസ് അധ്യാപകർ | |
| ഠിതാക്കളിൽ ാസ്ത്രാവബോധം ണ്ടാക്കുക. | ക്വിസ് , സെമിനാർ, (NATIONAL CHEMISTY DAY) | ആഗസ്റ്റ് - 2 | സയൻസ് അധ്യാപകർ | |



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - ബയോളജി

**1. ലക്ഷ്യം -**

മാലിന്യമുക്ത - ആരോഗ്യ - ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം

**പ്രവർത്തങ്ങൾ :-**

1. പരിസര ശുചീകരണം - ശുചിത്വ ബോധവൽക്കരണം
2. കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്
3. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് (FAST FOOD)
4. ആരോഗ്യ സർവ്വേ

**കാലം :-**

യഥാസമയങ്ങളിൽ

**ചുമതല :-**

അധ്യാപകർ

**പിന്തുണ :-**

ആരോഗ്യ വകുപ്പ്, ICDS, മുനിസിപ്പാലിറ്റി

**2. ലക്ഷ്യം :-**

ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT)

**പ്രവർത്തനങ്ങൾ :-**

പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയിഗിക്കൽ.

**കാലം :-**

എല്ലായിപ്പോഴും

**ചുമതല :-**

അധ്യാപകർ

**പിന്തുണ :-**

SITC, KITE, SCERT



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് | നിശ്ച യിച്ച തീയ തികളി ൽ | സാമൂ ഹ്യശാസ് ത്ര അദ്ധ്യാപ കർ | അധ്യാപകർ, കുട്ടികൾ |
| 2. ജനാധിപത്യം ഒരു ജീവിതശൈലി യാക്കി മാറ്റിയെടുക്കുക.പൗര ബോധം, മൂല്യബോധം എന്നിവ വളർത്തുക | സ്കൂൾ പാർലമെൻറ് | | സാമൂ ഹ്യശാസ് ത്ര അദ്ധ്യാപ കർ | സ്കൂൾ |
| 3. ഭൂപട വായന കുട്ടികളിൽ വളർത്തുന്ന സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക | അറ്റ്ലസ്, ഗ്ലോബ്, മാപ്പ് എന്നിവ പരിചിതമാക്കു ന്നു | വർഷം മുഴുവ ൻ | സാമൂ ഹ്യശാസ് ത്ര അദ്ധ്യാപ കർ | |
| 4. മതേതരത്വവും സഹിഷ്ണുത എന്നിവ വളർത്തി, ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക | സർവ്വേ, ചർച്ച, സംവാദം, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ | അക്കാ ദമിക വർഷം | സാമൂ ഹ്യശാസ് ത്ര അദ്ധ്യാപ കർ | |
| 5. പൊതുവിജ്ഞാനം വളർത്തുക | ദിനാചരണങ്ങൾ, ക്വിസ്, സംവാദം, വീഡിയോ പ്രദർശനം, ചരിത്ര സിനിമാ പ്രദർശനം, പത്ര പാരായണം etc. | അക്കാ ദമിക വർഷം | സാമൂ ഹ്യശാസ് ത്ര അദ്ധ്യാപ കർ | |



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| കുട്ടികയുടെ സർഗവാസനകളെ പരിപോഷിക്കൽ | കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗ വാസനകൾ വളർത്തുന്നതിനുള്ള പരിശീലനം നൽകൽ | കലാ ദ്ധ്യാപിക എസ് . ആർ . ജി | ജൂൺ മുതൽ ഫെബ്രു വരി വരെ | പി ടി എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികയുടെ കായികശേഷി വർധിപ്പിക്കൽ<br>• കായിക മത്സങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, കബഡി, തയ്ക്കൊണ്ടോ, ഖോ -ഖോ, തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ, സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകൽ | ജൂൺ മുതൽ എല്ലാ ദിവസവും | കായികാധ്യാപകൻ | പി ടി എ |



Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ:-

## കൗൺസിലിങ് \ ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗസിലിംങ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൽ, പടനാപ്രശ്ങ്ങൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകൽ (ഭിന്നശേഷി) | ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസലിംഗ് ഫലപ്രദമാക്കൽ, ഇൻഡിവിജ്വൽ കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ് | ജൂൺ മുതൽ വ്യാഴം വെള്ളി ദിവസങ്ങളിൽ | കൗൺസിലിങ് ടീച്ചർ | |



Scanned with OKEN Scanner

## ഉപസംഹാരം

മന്നം സ്മാരക എൻ എസ് എസ് ഹയർ ഹയർസെക്കണ്ടറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിധ്യഭ്യാസത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ ആക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.



Scanned with OKEN Scanner